## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . **6722** **10-07-2014-**ൽ മറുപടിക്ക്

## പകർച്ചവ്യാധികൾ നിയന്ത്രണ വിധേയമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.വി എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| എ) പകർച്ചപ്പനിയും മാറാ രോഗങ്ങളും പടർന്നു പിടിക്കുന്നത് നിയന്ത്രണ വിധേയമാക്കാൻ ഹെൽത്ത് സെൻററുകളിൽ ആവശ്യത്തിന് ഡോക്ടർമാരും ജീവനക്കാരും രോഗികൾക്കു വേണ്ട സൗജന്യമരുന്നുകളും കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി)എങ്കിൽ ഇത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സംഘടനകൾ പരാതികളുമായി സർക്കാറിനെ സമീപിച്ചുവെന്ന് | ബി)ബാധകമല്ല. |

| | |
|---|---|
| വ്യക്തമാക്കുമോ? | |
| സി)ഇതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു? | സി)ബാധകമല്ല. |
| ഡി) ഡോക്ടർ ഇല്ലെന്ന കാരണത്താൽ സംസ്ഥാനത്ത് എത്ര പി.എച്ച്.സി -കളുടെ പ്രവർത്തനം നിലച്ചു. വിശദമാക്കുമോ? | ഡി) ഇത്തരത്തിൽ പി.എച്ച്.സി കളുടെ പ്രവർത്തനം നിലച്ചിട്ടില്ല. ഡോക്ടർമാരുടെ തസ്തിക ഒഴിവുള്ള പി.എച്ച്.സി- കളിൽ അഡ്ഹോക്ക് വ്യവസ്ഥയിലോ എൻ.ആർ.എച്ച്.എം വഴിയോ നിയമിക്കുന്നുണ്ട്. കൂടാതെ മറ്റ് പി.എച്ച്.സി/സി.എച്ച്.സി -കളിലെ ഡോക്ടർമാർക്ക് ചാർജ് നൽകി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ പ്രധാന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| ഇ) കാലാവസ്ഥ വ്യതിയാനം മൂലം റൂബെല്ലയോട് സാമ്യമുള്ള വൈറസ് രോഗം അടക്കം എന്തെല്ലാം രോഗങ്ങൾ പടർന്നു പിടിച്ചു എന്നും പ്രസ്തുത രോഗങ്ങൾ നിയന്ത്രണ വിധേയമാക്കാൻ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്നും ഇതുമൂലം സംസ്ഥാനത്ത് 2014 ജനുവരി മുതൽ നാളിതുവരെ എത്രപേർ മരണപ്പെട്ടു എന്നും വ്യക്തമാക്കുമോ? | ഇ)ഈ വർഷം റൂബെല്ലയും മീസിൽസും മൂലമുള്ള മരണം ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. കാലാവസ്ഥ വ്യതിയാനം മൂലം റൂബെല്ലാ/മീസിൽസ് രോഗം വർദ്ധിച്ചിട്ടില്ല. മീസിൽസ് /റൂബെല്ല രോഗം നിയന്ത്രണ വിധേയമാക്കാൻ സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും I<sup>st</sup> ബൂസ്റ്റർ ഡോസിനൊപ്പം എം.എം.ആർ വാക്സിൻ നൽകി വരുന്നു. കൂടാതെ സംസ്ഥാനത്തെ കൗമാരപ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കും റൂബെല്ലാവാക്സിൻ നൽകി വരുന്നു |

സെക്ഷൻ ഓഫീസർ